9 -ാം വർഷം
2025
ആഗസ്റ്റ് 31
കൈത്താ ആറാം ഞായർ



# Laity Reflect on SYRO-MALABAR SUNDAY MASS SCRIPTURE READINGS



# ഇനിയും മാറാത്ത നമ്മൾ

ഏശ 29:19-24; ലേവ്യ 19:1-4, 9-14 1 തെസ 2:1-12; ലൂക്ക 17:11-19

രണ്ടായിരം വർഷങ്ങൾ പിന്നിട്ടിട്ടും കാര്യമായിട്ടൊന്നും മാറ്റം സംഭവിച്ചിട്ടില്ലാത്ത മനുഷ്യന്റെ സ്വഭാവത്തെകുറിച്ചാണ് ലൂക്കയുടെ സുവിശേഷത്തിലെ പത്തു കുഷ്ഠരോഗികളുടെ കഥ പറയുന്നത്. തന്നെ വിളിച്ചപേക്ഷിച്ച പത്തു കുഷ്ഠരോഗികളെയാണ് കർത്താവ് സുഖപ്പെടുത്തിയത്. അതിൽ വിജാതീയനായ ഒരാൾ മാത്രമാണ് കർത്താവിനോട് നന്ദി പറയാൻ തിരിച്ചെത്തിയത്. ലഭിച്ച സഹായത്തിനു നന്ദി പറയാൻ മനസ് കാണിക്കാൻ തയ്യാറാകാതിരുന്ന തൊണ്ണൂറു ശതമാനം പേരുടെ തുടർച്ച രണ്ടായിരം വർഷങ്ങൾക്കിപ്പുറവും കാണാൻ സാധിക്കും.

## ജന്മദിന നന്ദികൾ

ഈയിടെ വായിച്ച ഒരാളുടെ ജന്മദിന കുറിപ്പ് ഓർമ വരുന്നു. വയസ് അറുപതിയി. ആ സ്ത്രീ നന്ദി പറയുന്നവരുടെ ലിസ്റ്റ് ഇങ്ങനെയാണ്: അഞ്ചാം വയസിൽ വീടിനടുത്തുള്ള തോട്ടിലെ വെള്ളത്തിൽ മുങ്ങി പോയപ്പോൾ ചാടി വീണു പൊക്കിയെടുത്ത ജോണി ചേട്ടന്, പത്താം ക്ലാസ് തോറ്റതിനു വീട്ടുകാരുടെയും നാട്ടുകാരുടെയും ചീത്തവിളി കേട്ട് മടുത്തപ്പോൾ പത്താം ക്ലാസ് പരീക്ഷ തോറ്റവരും ജീവിതത്തിൽ രക്ഷപെട്ടിട്ടുണ്ടെന്നു ധൈര്യം തന്ന കൂട്ടുകാരിക്ക്, പഠിക്കാൻ അന്യനാട്ടിൽ ചെന്ന് വണ്ടി അപകടത്തിൽ പെട്ടപ്പോൾ കോരിയെടുത്തു കൊണ്ട് പോയി ആശുപത്രിയിലാക്കിയ പേരറിയാത്ത ഭായിക്ക്... അങ്ങനെ ജീവിതത്തിലെ ഓരോ ആപത്ഘട്ടങ്ങളിലും സഹായിച്ച, അറിയാവുന്നവരും അറിയാത്തവരുമായ നിരവധി പേർക്ക് അവർ നന്ദി പറയുകയാണ്. ജീവിതപാച്ചിലിനിടയിൽ,



ഡോ. പി വി ബൈജു

തെന്നി വീഴുമ്പോൾ താങ്ങി നിറുത്താനും, അടി തെറ്റി വീഴുമ്പോൾ കൈത്താങ്ങാകാനും ദൈവം മനുഷ്യരെ ഒരുക്കി നിർത്തിയിട്ടുണ്ട്. അവരോട് നന്ദി പറയുക എന്നത് നമ്മുട കടമയാണ്.

നമ്മൾ ആഗ്രഹിക്കുന്നതുപോലെ മറ്റുള്ള ആളുകൾ പെരുമാറുന്നില്ലെന്നു കുറ്റം പറയാൻ എളുപ്പമാണ്. പക്ഷെ നമ്മുടെ ജീവിതത്തെ ഈ വിധം കൊണ്ടുപോകാൻ സഹായിക്കുന്ന മനുഷ്യരെ കണ്ടില്ലെന്നു നടിക്കുന്നത്, അതീവഗുരുതരമായ വീഴ്ചയാണ്. നമ്മൾ പലപ്പോഴും നമുക്ക് കിട്ടാത്തതിനെകുറിച്ച് കുറ്റം പറയാൻ മിടുക്കരാണ്, കിട്ടിയതിനെകുറിച്ചു പറയാൻ നാവൊട്ടില്ലതാനും.

ദൈവത്തെ തിരിച്ചറിയുന്ന മനുഷ്യൻ, നന്ദിയുള്ളവനായിരിക്കും. ദൈവമഹത്വത്തെ തിരിച്ചറിഞ്ഞ ദാവീദ് രചിച്ച സങ്കീർത്തനങ്ങളാണ് ലോക ചരിത്രത്തിൽ ഇന്നേവരെ ഏറ്റവും കൂടുതൽ ആലപിക്കപ്പെട്ടിട്ടുള്ള ദൈവസ്തുതി ഗീതകങ്ങൾ. നമുക്ക് തോന്നുമ്പോഴല്ല, നമ്മൾ കടപ്പെട്ടിരിക്കുന്നവരോട് നന്ദി പറയേണ്ടത്, മറിച്ചു മറ്റുള്ളവർ അർഹിക്കുന്ന നേരത്താണ് അവരോടു നന്ദി പറയേണ്ടത്. നന്ദിയുള്ള ഹൃദയം ആരോഗ്യമുള്ളതായിരിക്കുമെന്നു ശാസ്ത്രം പറയുന്നു. മറ്റുള്ളവരോടു നന്ദി പ്രകാശിപ്പിക്കുന്നവർ കൂടുതൽ സന്തോഷവും, മാനസിക ആരോഗ്യവും ഉള്ളവർ ആയിരിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

## കൂരിരുട്ടിൽ ഇത്തിരി വെളിച്ചം

എവിടെയും തിന്മയുടെ അംശങ്ങളും, കുറ്റങ്ങളും കുറവുകളും കണ്ടെത്തുന്നവരാണ് നമ്മൾ. നന്മ കണ്ടെത്തി പരിപോഷിപ്പിക്കുമ്പോഴാണ്, മനുഷ്യർ വളരുന്നത്. ക്ലാസ്സിലെ ഏറ്റവും കുറവ് മാർക്കു വാങ്ങുന്ന വിദ്യാർത്ഥിനിയാണ് നിത്യ. അതിനാൽ തന്നെ ടീച്ചർമാരുടെയും മറ്റു കുട്ടികളുടെയും അവഗണനക്കും കളിയാക്കലിനും വിധേയയാണ് അവൾ. ക്ലാസ്സിൽ പുതിയ ടീച്ചർ വന്നു. എല്ലാവരെകൊണ്ടും ഓരോ പാരഗ്രാഫ് എഴുതിച്ചു. എഴുതിയ പാരഗ്രാഫ് വിലയിരുത്തിയതിനുശേഷം, ഓരോ കുട്ടികളുടെയും പേപ്പർ ടീച്ചർ തിരിച്ചു നൽകുകയാണ്. നിത്യയുടെ പേര് വിളിച്ചപ്പോഴേക്കും അവൾ ഭയന്നു. പേടിച്ചു പേടിച്ചു അവൾ ടീച്ചറുടെ അടുത്തേക്ക് വന്നു. ടീച്ചർ അവളുടെ എഴുത്തു ക്ലാസിനു മുൻപിൽ കാണിച്ചിട്ടു പറഞ്ഞു നിത്യ എത്ര മനോഹരമായാണ് 'ന' എന്ന അക്ഷരം എഴുതിയിരിക്കുന്നത്. മറ്റു യാതൊരു തരത്തിലും നിലവാരം പുലർത്താത്ത ആ എഴുത്തിലെ, ഒരക്ഷരത്തിന്റെ സൗന്ദര്യം കണ്ടെത്തിയ ടീച്ചർ, നിത്യയിലും, മറ്റു കുട്ടികളിലും, നന്മയുടെ പുതിയ വെളിച്ചങ്ങൾ പകർന്നു കൊടുക്കുകയായിരുന്നു.

## ശരീര ഭാഗങ്ങൾക്ക് നന്ദി പറയുന്നവർ

വിദേശ രാജ്യങ്ങളിൽ സാമൂഹിക സംഘടനകളുടെ ധനസമാഹരണത്തിനും മറ്റുമായി ആളുകൾ സന്നദ്ധസേവനം ചെയ്യാറുണ്ട്. സ്‌കൂളിൽ പഠിക്കുന്ന മകന്റെ സ്പോർട്സ് ക്ലബ്ബിന്റെ ധനശേഖരണത്തിനായി വോളന്റീർ ആയി ഈ ലേഖകൻ സേവനം ചെയ്യുമ്പോൾ, ഏകദേശം എഴുപതു വയസുള്ള ഒരു സ്ത്രീ ചുറുചുറുക്കോടെ ഓടി നടന്നു എല്ലാവരോടും വർത്തമാനമൊക്കെ പറഞ്ഞു പണിയെടുക്കുന്ന കണ്ടു. കുറച്ചു സമയം അവരോടു സംസാരിച്ചപ്പോൾ, അവർ പത്തു വർഷം മുൻപ് റിട്ടയർ ചെയ്തതിനുശേഷം മുഴുവൻ സമയവും ഇതുപോലെ സന്നദ്ധ പ്രവർത്തനങ്ങൾ ചെയ്യുകയാണെന്ന് പറഞ്ഞു. തനിക്കു ഏറെ ഇഷ്ടം ബോഡി പാർട്സ് സംഘടനകൾക്കുവേണ്ടി സേവനം ചെയ്യുന്നതാണെന്ന് അവർ പറഞ്ഞു. ശരീരത്തിന്റെ ഓരോ ഭാഗങ്ങളുടെ രോഗമോ വൈകല്യമോ ബാധിച്ചവർക്ക് വേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾക്ക് വേണ്ടി പ്രവർത്തിക്കുന്ന കാര്യമാണ് അവർ ഉദേശിച്ചത്. തുടർന്ന് അവർ പറഞ്ഞു, എനിക്ക് നല്ലൊരു ഹൃദയമുള്ളതു കൊണ്ട്, ഞാൻ ഹൃദയത്തിനു തകരാറുള്ളവരെ സഹായിക്കുന്ന സംഘടനകൾക്കുവേണ്ടി പ്രവർത്തിക്കുന്നു. തകരാറൊന്നുമില്ലാത്ത കയ്യും കാലും ഉള്ളത് കൊണ്ട്, ഞാൻ അംഗവൈകല്യമുള്ളവരെ പരിപാലിക്കുന്ന സ്ഥലങ്ങളിൽ ഇടയ്ക്കിടെ സൗജന്യമായി സേവനം ചെയ്യുന്നു. കാണാൻ കണ്ണുള്ളത് കൊണ്ട് അന്ധർക്കു പഠന സാമഗ്രികൾ വാങ്ങാൻ സഹായിക്കുന്ന ഒരു സംഘടനയിൽ ഇടക്കൊക്കെ വോളന്റീർ ചെയ്യുന്നു. ഒരിത്തിരി തമാശയോടെ അവർ പറഞ്ഞുകൊണ്ടിരുന്നു. തന്നെ സുഖപ്പെടുത്തിയ കർത്താവിനു നന്ദി പറയാൻ തിരികെവന്ന വിജാതീയന്റെ പരമ്പരയിൽ പെട്ടവരാണവർ എന്ന് നിസംശയം പറയാം.

## ഈ ദിവസത്തിനും വഴിയിലെ പൂവിനും നന്ദി

ഒരിക്കൽ ഒരു പരിശീലന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു. പരിപാടിയുടെ തുടക്കത്തിൽ തന്നെ എല്ലാവരും സ്വയം പരിചയപ്പെടുത്താനും, അന്നേദിവസം തന്നെ സന്തോഷിപ്പിക്കുന്ന ഒരു കാര്യം പറയാനും ആവശ്യപ്പെട്ടു. ഓരോരുത്തരായി കുടുംബപരവും, തൊഴിൽപരവും, വ്യക്തിപരവുമായ ഓരോരോ കാര്യങ്ങൾ പറഞ്ഞു പോയിക്കൊണ്ടിരുന്നു. ഗ്രൂപ്പിലെ ഏറ്റവും പ്രായം ചെന്ന ആൾ ഇന്നത്തെ ദിവസം ജീവിച്ചിരിക്കാനായതിൽ താൻ സന്തോഷിക്കുന്നുവെന്നു പറഞ്ഞു. തുടർന്ന് അദ്ദേഹം പറഞ്ഞു, തന്നോടൊപ്പം ഈ ഭൂമിയിൽ ജനിച്ച പത്തു ശതമാനത്തോളം പേർ, അഞ്ചു വയസാകുന്നതിനു മുൻപേ ഈ ഭൂമിയിൽ നിന്നും പോയി. ഈ ലോകത്തു തന്നോടൊപ്പം ജനിച്ചവരിൽ പകുതിയിൽ താഴെ മനുഷ്യർക്കെ പത്താംക്ലാസ് വരെ പഠനം പൂർത്തിയാക്കാൻ ആയിട്ടുള്ളു. ഈ പ്രഭാതവും ഈ ആരോഗ്യവും ഈ ജീവിതവും കിട്ടിയതിനു ഞാൻ നന്ദിയുള്ളവനാണ്. എനിക്ക് എത്താൻ പറ്റിയതിനെക്കാളും വളർന്നവർ കുറെയേറെപ്പേരുണ്ട്. പക്ഷെ, അതിലധികമാണ് എന്നോടൊപ്പം പോലും എത്താൻ സാധിക്കാതെ പോയവർ. തന്റെ മുമ്പിലുള്ളവരെ നോക്കി നെടുവീർപ്പിടുമ്പോൾ, ഇടയ്ക്കിടെ, തന്റെ പിറകിൽ ഉള്ള ബഹുഭൂരിഭാഗത്തെ നോക്കിയാൽ മതി, ജീവിതത്തിൽ കിട്ടിയതിനൊക്കെയും സാഷ്ടാംഗം പ്രണമിച്ചു നന്ദി പറയാൻ.

1994 ലെ മികച്ച മലയാള ചിത്രത്തിനുള്ള ദേശീയ അവാർഡ് നേടിയ ചിത്രമാണ്

സുകൃതം. ബ്ലഡ് കാൻസർ ബാധിച്ച ഒരു പത്രപ്രവർത്തകൻ ജീവിതത്തിലേക്ക് തിരിച്ചു വരുമ്പോൾ നേരിടുന്ന വെല്ലുവിളികളാണ് ചിത്രത്തിന്റെ കഥ. രക്താർബുദം ബാധിച്ച നായകൻ പുറത്തിറങ്ങി നടക്കുമ്പോൾ പാടുന്ന പാട്ടിലെ വരികൾ വളരെ മനോഹരമാണ്.

എന്റെ വഴികളിൽ മൂക സാന്ത്വനമായ പൂവുകളേ

എന്റെ മിഴികളിൽ വീണുടഞ്ഞ കിനാക്കളേ നന്ദി

മധുരമാം പാഥേയമായ് തേൻ കനികൾ തന്ന തരുക്കളേ

തളരുമീയുടൽ താങ്ങി നിർത്തിയ പരമമാം കാരുണ്യമേ നന്ദി..നന്ദി.


ജീവിതത്തിന്റെ എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ടിടത്തുനിന്നു, തിരിച്ചു വരുമ്പോഴാണ്, ഓരോ പ്രഭാതവും എത്ര പ്രതീക്ഷകളാണ് കൊണ്ടുവരുന്നതെന്ന് തിരിച്ചറിയുന്നത്; വഴിയിൽ നിൽക്കുന്ന പൂവും, സന്ധ്യയിലെ വർണങ്ങളും, അനുഭൂതി പകരുന്ന സംഗീതവും തിരിച്ചറിഞ്ഞു ജീവിതത്തോട് നന്ദി പറയാൻ തോന്നുന്നത്.

## ഇത്രത്തോളം യഹോവ സഹായിച്ചു

ഇതൊക്കെ നടക്കുമോ, ഈ പരീക്ഷ ഞാൻ എങ്ങനെ പാസാകും, മുന്നിലുള്ള കാര്യത്തിനുള്ള പണം ഞാൻ എങ്ങനെ കണ്ടെത്തും, ഈ ബന്ധം ഞാൻ എങ്ങനെ കൊണ്ടുപോകും, സമയത്തിന് എത്താൻ പറ്റുമോ എന്നിങ്ങനെ ആധി പിടിച്ചു നാം ഓടിയ സന്ദർഭങ്ങൾ ജീവിതത്തിൽ എത്ര മാത്രമാണ്. പക്ഷെ അതെല്ലാം കടന്നുവന്നു നമ്മൾ ഇവിടെ നിൽക്കുന്നു. ജീവിതത്തിൽ ആധി പിടിച്ച ഓരോ നേരത്തും സഹായിക്കാനായി ഓരോരുത്തർ ഉണ്ടായിരുന്നിരിക്കാം. ചിലപ്പോൾ അവരോട് ഒരു നന്ദി വാക്ക് പോലും പറയാതെ ആയിരിക്കാം നമ്മൾ മുന്നോട്ട് പോയിട്ടുള്ളത്. അവരിൽ ചിലർ നമ്മുടെ ചുറ്റിലും ഇപ്പോഴും ഉണ്ടായിരിക്കാം. എങ്കിലും ചിലപ്പോൾ നമ്മളെ അവശ്യ സമയത്തു സഹായിച്ചവരെ കാണാതെ കടന്നു പോകുന്നു.

ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നമ്മൾ എത്ര ഭാഗ്യവാന്മാർ ആണെന്ന് പലപ്പോഴും ഓർത്തു പോകും. നമ്മുടെ മുൻ തലമുറ അനുഭവിച്ച ദാരിദ്ര്യത്തിന്റെ പകുതി പോലും നമ്മൾ അറിഞ്ഞിട്ടില്ല, നമ്മുടെ പൂർവികർ അനുഭവിച്ച കഷ്ടപ്പാടിന്റെ നാലിലൊന്നു പോലും, മുറിയിൽ ഏസിയോ ഫാനോ ഇട്ടോ കിടക്കുന്ന നമ്മൾ അറിയുന്നില്ല. നമ്മുടെ മുൻ തലമുറകൾ കേട്ടിട്ടു പോലുമില്ലാത്ത ടീവിയും, ഫോണും, ഇന്റർനെറ്റും ഉപയോഗിച്ച് നമ്മൾ, നമ്മുടെ പൂർവികർ അറിഞ്ഞിട്ടില്ലാത്ത എത്രയെത്ര അറിവുകൾ നേടി, എത്ര കാഴ്ചകൾ കണ്ടു, എത്ര സുഹൃത്തക്കളെ നേടി. കാലത്തിനോട് പോലും നന്ദി പറയേണ്ട കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഇനി കഴിഞ്ഞ കാലം എത്ര സുന്ദരമായിരുന്നു എന്ന് കരുതുന്നവർ, വസൂരി വന്നു മരിക്കാതിരുന്നതിനും നന്ദി പറയണം.

ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകത എണ്ണം പിടിക്കലാണ്. ഇൻസ്റ്റാഗ്രാമിലും, ഫേസ്ബുക്കിലും എത്ര ലൈക് കിട്ടി, ഒരു ദിവസം എത്ര സ്റ്റെപ് നടന്നു, എന്നിങ്ങനെ പോകുന്നു എണ്ണം പിടിക്കൽ. ഓരോ ദിവസവും ദൈവം നൽകിയ അനുഗ്രഹങ്ങളുടെയും, മറ്റുള്ളവരുടെ കൈയിൽ നിന്ന് കിട്ടിയ സഹായങ്ങളുടെയും എണ്ണങ്ങൾ കൂടി എടുക്കാനായാൽ ജീവിതം ധന്യമാകും. ഇന്നത്തെ ലേഖന ഭാഗത്തു വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നപോലെ, തൻറെ രാജ്യത്തിലേക്കും, മഹത്വത്തിലേക്കും, നിങ്ങളെ വിളിക്കുന്ന ദൈവത്തിനു യോഗ്യമായ വിധം ജീവിക്കാൻ, നന്ദിയുള്ള ഒരു ഹൃദയം ആവശ്യമാണ്.



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com